ചാലക്കുടിയിലെ പനമ്പിള്ളി കോളേജ്

407 [753] ശ്രീ. കെ.ജെ. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലുള്ള പനമ്പിള്ളി കോളേജ് പുതിയ കെട്ടിടത്തിൽ തുടങ്ങുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ;

(ബി) പണി മിക്കവാറും കഴിഞ്ഞ ഈ കെട്ടിടം വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത് പുതിയ കെട്ടിടത്തിൽ പനമ്പിള്ളി കോളേജ് തുടങ്ങാത്തത് എന്തുകൊണ്ടാണ് എന്നു വ്യക്തമാക്കാമോ;

(സി) ഇനി ഈ കെട്ടിടത്തിൽ ചെയ്തുതീർക്കുവാൻ എന്തൊക്കെയാണ് ബാക്കിയുള്ളത് എന്നു വിശദമാക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കെട്ടിടം പണി പൂർണ്ണമാകാത്തതുകൊണ്ടാണ് പുതിയ കെട്ടിടത്തിൽ കോളേജ് ആരംഭിക്കാത്തത്.

(സി) വൈദ്യുതീകരണവും ജലവിതരണ സൗകര്യങ്ങളും ജനൽ, വെൻറിലേറർ എന്നിവയുടെ ഷട്ടർ ഘടിപ്പിക്കലും പൂർത്തിയാകാനുണ്ട്.

പോളിടെക്നിക്കുകൾ തുടങ്ങാൻ ലഭിച്ച അപേക്ഷകൾ

408 [754] ശ്രീ. കെ.പി.എ. മജീദ്:

" പി.കെ. കുഞ്ഞാലിക്കുട്ടി:

" എ.വി. അബ്ദുറഹിമാൻ ഹാജി:

" ഇ.ടി. മുഹമ്മദ് ബഷീർ:

" നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കാൻ എത്ര അപേക്ഷകൾ ഗവൺമെൻറിനു ലഭിച്ചു;

(ബി) ജില്ല തിരിച്ചുള്ള കണക്കു വിശദമാക്കാമോ?

ഉത്തരം

(എ) 106 അപേക്ഷകൾ

LIBRARY ARCHIVES Kerala Legislative Assembly

(ബി)	1.	തിരുവനന്തപുരം	—	19
	2.	കൊല്ലം	—	13
	3.	ആലപ്പുഴ	—	5
	4.	കോട്ടയം	—	4
	5.	പത്തനംതിട്ട	—	6
	6.	ഇടുക്കി	—	5
	7.	എറണാകുളം	—	19
	8.	തൃശ്ശൂർ	—	6
	9.	പാലക്കാട്	—	8
	10.	മലപ്പുറം	—	3
	11.	വയനാട്	—	1
	12.	കോഴിക്കോട്	—	9
	13.	കണ്ണൂർ	—	4
	14.	കാസർകോഡ്	—	4
				106

പോളിടെക്നിക്കുകളിൽ നിന്നും പാസ്സായി പുറത്തു വരുന്ന വിദ്യാർത്ഥികൾ

409 [755] ശ്രീ. കെ.പി. പ്രഭാകരൻ:
ഡോ: എ. സുബ്ബറാവു:
ശ്രീ. കെ.ഇ. ഇസ്മയിൽ:
** കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) ഓരോ വർഷവും സംസ്ഥാനത്തെ വിവിധ പോളിടെക്നിക്കുകളിൽ നിന്നും പാസായി പുറത്തുപോകുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയാണ്;

(ബി) അതിൽ എത്ര ശതമാനം പേർക്ക് തൊഴിൽ നേടാൻ കഴിയുന്നു;

(സി) തൊഴിൽ ലഭ്യതയുടെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതികൾ പുനഃസംവിധാനം ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ശരാശരി 2000—ത്തോളം വിദ്യാർത്ഥികൾ വർഷംതോറും സംസ്ഥാനത്തെ വിവിധ പോളിടെക്നിക്കുകളിൽ നിന്നും പാസാകുന്നുണ്ട്.

(ബി) പരീക്ഷ പാസായി എത്താണ്ട് രണ്ടു വർഷത്തിനകം ഇൻഡ്യക്കകത്തും പുറത്തുമായി എല്ലാപേർക്കും തൊഴിൽ ലഭിക്കുന്നുണ്ട്. ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് മുതലായ ആധുനിക വിഷയങ്ങളിൽ പരീക്ഷ പാസാകുന്നവർക്ക് ഒരു വർഷത്തിനകം തന്നെ തൊഴിൽ ലഭിക്കുന്നുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly